## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 29. 03.2025 മുതൽ 02.04.2025 വരെ**

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 13/2025, (25) വെള്ളിയാഴ്ച്ച** | **തീയ്യതി 28/03/2025** |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2025 മാർച്ച് 22 മുതൽ മാർച്ച് 28 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2025 മാർച്ച് 29 മുതൽ ഏപ്രിൽ 02 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 22/03 | 23/03 | 24/03 | 25/03 | 26/03 | 27/03 | 28/03 | തീയ്യതി | 29/03 | 30/03 | 31/03 | 01/04 | 02/04 |
| 0.0 | 7.2 | 17.2 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | 0.2 | 0.1 | 0.1 | 0.1 | 0.2 |
| 37.0 | 36.4 | 35.3 | 36.7 | 35.8 | 35.3 | 35.4 | ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| 25.8 | 21.9 | 24.2 | 25.5 | 24.6 | 25.2 | 25.8 | കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| Cloudy | Cloudy | Partly cloudy | Partly cloudy | Partly cloudy | Partly cloudy | Partly cloudy | AM മേഘ വ്യാപ്തി (ഒക്ടാ) | Overcast | Partly cloudy | Partly cloudy | Cloudy | Overcast |
| Overcast | Cloudy | Partly cloudy | Partly cloudy | Partly cloudy | Cloudy | | PM | | | | | |
| 87 | 90 | 95 | 86 | 90 | 92 | 93 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| 62 | 46 | 57 | 59 | 60 | 54 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| 3.7 | 2.7 | 1.9 | 2.8 | 2.5 | 2.3 | 2.1 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 8 | 8 | 8 |
| C | NNE | C | C | ENE | C | C | AM കാറ്റിന്റെ ദിശ (ഡിഗ്രി ) | SW | W | W | W | WSW |
| SSW | WSW | SW | WSW | SW | SW | | PM | | | | | |
| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | | | | 01/01/2025 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | 01/03/25 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | |
| 24.4 | | | | 34.8 | | | | 34.8 | | | | |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം. 2025 മാർച്ച് 28, 31, ഏപ്രിൽ 01 എന്നീ ദിവസങ്ങളിൽ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ കാറ്റ് ഉണ്ടാകാൻ സാധ്യതയുണ്ട്..

ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:-. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് പുഞ്ച (കതിരു വന്ന പരുവം) | പോളരോഗം | നെല്ലിൽ കാണപ്പെടുന്ന പോളരോഗം നിയന്ത്രിക്കുന്നതിനായി നാല് ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകൊണാസോൾ മിശ്രിതം പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | കാൽസ്യം ബോറോൺ അഭാവം | വാഴയിൽ കാത്സ്യത്തിന്റെ അഭാവം മൂലം ഇല ചുരുണ്ടുവരുന്നതായി കാണാം. ഇതിനു പരിഹാരമായി 250 ഗ്രാം കുമ്മായം ഓരോ വാഴയുടെ ചുവട്ടിലും ഇട്ടു കൊടുക്കുക. വരണ്ട കാലാവസ്ഥയിൽ മണ്ണിൽ ബോറോണിന്റെ അഭാവം കാണുന്നതിനാൽ വാഴയിൽ ഒരു ഗ്രാം ബോറാക്സ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മാവ് | കായീച്ച | മാവിലെ കായീച്ചകളെ നിയന്ത്രിക്കാൻ മാവിന് ചുറ്റും വീഴുന്ന പഴങ്ങൾ അപ്പോൾ തന്നെ പെറുക്കിക്കളയുക. കൂടാതെ 15 സെന്റിലേക്കു മാവിലെ കായീച്ചക്കുള്ള പ്രത്യേക ഫിറമോൺ കെണി ഒന്ന് വീതം കെട്ടി തൂക്കുക. |
| കിഴങ്ങ് വർഗ്ഗങ്ങൾ | - | വേനൽ മഴ ലഭിച്ച സ്ഥലങ്ങളിൽ ചേമ്പ്, ചേന, കാച്ചിൽ മുതലായ കിഴങ്ങുവർഗ്ഗങ്ങൾ ഇപ്പോൾ നടാവുന്നതാണ്. |

മൃഗസംരക്ഷണം-: തൊലിപ്പുറമേ ഉള്ള പരാദങ്ങൾക്കു എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS KVASU, Mannuthy)